REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു അല്പസമയത്തിനകം ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണം ഉദ്ഘാടനം ചെയ്യും.**
- **വൈകിട്ട് പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.**
- **ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകളുടെ വിതരണം 27 ന് ആരംഭിക്കും. ഇതിന് 812 കോടി അനുവദിച്ചു.**
- **നവീന ചിന്തയിലും നൂതന സാങ്കേതിക വിദ്യയിലും ഊന്നിയ വ്യവസായങ്ങളും ആരോഗ്യ, വിദ്യാഭ്യാസ സംവിധാനവും സംസ്ഥാനത്ത് സാധ്യമാക്കുമെന്ന് മന്ത്രി P രാജീവ്.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു അല്പസമയത്തിനകം ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണം ഉദ്ഘാടനം ചെയ്യും. ശിവഗിരിയിൽ എത്തിയ രാഷ്ട്രപതി ഗുരുസമാധിയിൽ പ്രണാമം അർപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ VN വാസവൻ, V ശിവൻ കുട്ടി തുടങ്ങിയവർ രാഷ്ട്രപതിയ്ക്ക് ഒപ്പമുണ്ട്. രാവിലെ രാഷ്ട്രപതി ദ്രൗപതി മുർമു രാജ്ഭവനിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്തു.

✪✪✪

പാലാ സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ വൈകിട്ട് നാലിന് രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

.........വോയ്സ്......

സെന്റ് തോമസ് കോളേജ് പ്ലാറ്റിനം ജൂബിലി ഉദ്ഘാടനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു എത്തുന്നതിന്റെ ആവേശത്തിലാണ് പാലാ നഗരവും പരിസര പ്രദേശങ്ങളും. കഴിഞ്ഞ ദിവസങ്ങളിൽ നിന്നു വ്യത്യസ്തമായി പ്രസന്നമായ കാലാവസ്ഥയാണെന്നത് അവരുടെ സന്തോഷം വർധിപ്പിക്കുന്നു. ഇന്ന് ഉച്ചയ്ക്ക് ശേഷം തിരുവനന്തപുരത്തു നിന്ന് ഹെലികോപ്ടറിലാണ് രാഷ്ട്രപതി പാലയിലെത്തുന്നത്. കോളേജ് പ്ലാറ്റിനം ജൂബിലി ഉദ്ഘാടനത്തിനു ശേഷം ഹെലികോപ്റ്ററിൽ കോട്ടയത്തേക്കു തിരിക്കും. ഇന്നു വൈകിട്ട് കുമരകത്തു തങ്ങുന്ന രാഷ്ട്രപതി നാളെ കൊച്ചിയിലേക്കു പോകും. പാലാ നഗരത്തിലും പരിസര പ്രദേശങ്ങളിലും കർശനമായ സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഗതാഗത ക്രമീകരണങ്ങളുടെ പശ്ചാത്തലത്തിൽ കോട്ടയം ജില്ലയിലെ എല്ലാ സ്ക്കൂളുകളും മൂന്നു മണിയോടെ പ്രവർത്തനം അവസാനിപ്പിക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിനെ വരവേൽക്കാൻ പാലാ st തോമസ് കോളേജ് ഒരുങ്ങി. കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികളുടെ സമാപന സമ്മേളനം ഉത്ഘാടനം ചെയ്യുന്നതിനാണ് രാഷ്ട്രപതി ഇന്ന് എത്തുന്നത് .പദവിയിൽ ഇരിക്കെ ഒരു രാഷ്ട്രപതി പാലാ st തോമസ് കോളേജിൽ എത്തുന്നത് ആദ്യമായിട്ടാണ്. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ കോട്ടയം ജില്ലയിലെ ആദ്യ സന്ദർശനവുമാണിത്.

വൈകിട്ട് 3.30ന് പാലാ st തോമസ് കോളേജ് ഗ്രൗണ്ടിലാവും രാഷ്ട്രപതിയുടെ ഹെലികോപ്റ്റർ ഇറങ്ങുക. ജൂബിലിയുടെ സമാപന സമ്മേളനം ഉത്ഘാടനത്തിനു ശേഷം ജൂബിലി സ്മാരകമായി നിർമ്മിക്കുന്ന പുതിയ ജൂബിലി ബ്ലോക്കിന്റെ ശിലാഫലകവും രാഷ്ട്രപതി അനാച്ഛാദനം ചെയ്യും .തുടർന്ന് ഹെലികോപ്റ്ററിൽ കോട്ടയം പോലീസ് ഗ്രൗണ്ടിൽ ഇറങ്ങിയ ശേഷം റോഡ് മാർഗം കുമരകത്തേക്കു പോവും .

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ മസ്കറ്റിൽ പ്രവാസി സംഗമത്തിൽ പങ്കെടുക്കും. ഇന്ത്യൻ സോഷ്യൽ ക്ലബ് ഒമാൻ കേരള വിഭാഗം അമറാത്തിൽ സംഘടിപ്പിക്കുന്ന ഇന്ത്യൻ കമ്മ്യൂണിറ്റി ഫെസ്റ്റിവൽ അദ്ദേഹം ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച സലാലയിൽ എത്തുന്ന മുഖ്യമന്ത്രി അൽ ഇത്തിഹാദ് സറ്റേഡിയത്തിൽ പ്രവാസോത്സവം -2025 ഉദ്ഘാടനം ചെയ്യും. തുടർന്ന് മലയാളം മിഷൻ സലാല ചാപ്റ്ററും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകളുടെ വിതരണം 27 ന് ആരംഭിക്കും. ഇതിനായി 812 കോടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം പെൻഷൻ ലഭിക്കുന്നത്.

26 ലക്ഷത്തി 62,000 പേരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക എത്തും. ശേഷിക്കുന്നവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാനം മുൻകൂറായി 24 കോടി 21ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ഇതുവരെ 43,653 കോടി രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിന് ചെലവിട്ടത്.

✪✪✪

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 214 കോടി രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിന്റെ ഏഴാം ഗഡുവാണ് അനുവദിച്ചത്.

ഗ്രാമ പഞ്ചായത്തുകൾക്ക് 151 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 11 കോടി മൂന്ന് ലക്ഷം രൂപയും നീക്കിവച്ചു. ജില്ലാ പഞ്ചായത്തുകൾക്ക് ഏഴ് കോടി 89 ലക്ഷം രൂപയും മുൻസിപ്പാലിറ്റികൾക്ക് 25 കോടി 83 ലക്ഷം രൂപയും, കോർപറേഷനുകൾക്ക് 18 കോടി 25ലക്ഷം രൂപയും ലഭിക്കും.

ഈ സാമ്പത്തിക വർഷം ഇതുവരെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് 10,396 കോടി രൂപയാണ് അനുവദിച്ചത്.

✪✪✪

ശബരിമല സ്വർണപ്പാളി തട്ടിപ്പ് കേസിൽ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ B. മുരാരി ബാബുവിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. ഇന്നലെ രാത്രി പ്രത്യേക അന്വേഷണസംഘം ഇയാളെ കസ്റ്റഡിയിലെടുത്തിരുന്നു. തിരുവനന്തപുരത്തെ ഈഞ്ചക്കലിലെ ക്രൈം

ബ്രാഞ്ച് ഓഫീസിലെ ചോദ്യം ചെയ്യലിന് ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. മുരാരി ബാബുവിനെ ഇന്ന് റാന്നി കോടതിയിൽ ഹാജരാക്കിയേക്കുമെന്നാണ് സൂചന.

✪✪✪

പുതിയ തലമുറ GST പരിഷ്കരണം സമൂഹത്തിന്റെ നാനാതുറകളിലുള്ളവർക്ക് സഹായകരമാവുകയാണ്.

കണ്ണൂരിൽ നിന്ന് KO.ശശിധരന്റെ റിപ്പോർട്ട്..

........വോയ്സ്.....

ജി.എസ്.ടി.പരിഷ്കരണത്തോടെ ഇൻഷൂറൻസ് മേഖലയിലും നിർമ്മാണ മേഖലയിലും വന്ന മാറ്റങ്ങൾ വലിയ ഉപകാരപ്പെടുന്നുണ്ടെന്ന് ഇൻഷൂറൻസ് അഡ്വൈസർ കണ്ണൂർ ഒഴക്രോത്തെ ബേബി സ്മിത പറയുന്നു

BYTE

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഞായറാഴ്ച രാവിലെ 11 ന്. പരിപാടിയുടെ 127--ാം പതിപ്പാണിത്. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും  നാളെ വരെ പങ്കുവയ്ക്കാം.

✪✪✪

വിഷൻ 2031 ന്റെ ഭാഗമായി സംസ്ഥാന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ പാലക്കാട്ട് വികസന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ കരട് നയരേഖ മന്ത്രി MB രാജേഷ് അവതരിപ്പിച്ചു. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നതോടൊപ്പം സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുന്നതിനും കഴിഞ്ഞ പത്തുവർഷത്തിനിടയിൽ എക്സൈസിന് കഴിഞ്ഞെന്ന് മന്ത്രി പറഞ്ഞു.

✪✪✪

നവീന ചിന്തയിലും നൂതന സാങ്കേതിക വിദ്യയിലും ഊന്നിയ  വ്യവസായങ്ങളും ആരോഗ്യ, വിദ്യാഭ്യാസ സംവിധാനവും സംസ്ഥാനത്ത് സാധ്യമാക്കുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. വിഷൻ 2031ന്റെ ഭാഗമായി വ്യവസായ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമസ്ത മേഖലയിലും കേരളത്തെ മാതൃകയാക്കാൻ രാജ്യവും

ലോകവും തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നും ഈ മാറ്റമാണ് ജനങ്ങൾക്ക് ഉറപ്പ് നൽകിയതെന്നും മന്ത്രി പറഞ്ഞു. എല്ലാ അടിസ്ഥാന സൗകര്യങ്ങളും എല്ലാവർക്കും പ്രാപ്യമാക്കുമെന്നും P രാജീവ് അറിയിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. കായിക മേളയുടെ പ്രധാന ഇനമായ അലറ്റിക്സിന് തുടക്കമായി.

മേളയുടെ രണ്ടാം ദിനം 670 പോയിന്റുമായാണ് തിരുവനന്തപുരം ഒന്നാം സ്ഥാനത്ത് തുടരുന്നത്. 78 സ്വർണ്ണം, 57 വെള്ളി, 81 വെങ്കലം എന്നിവയാണ് തിരുവനന്തപുരത്തിന്റെ നേട്ടം.

388 പോയിന്റുമായി കണ്ണൂർ രണ്ടാമതും 326 പോയിന്റുമായി തൃശൂർ മൂന്നാമതുമാണ്. 325 പോയിന്റുമായി കോഴിക്കോട് നാലാമതുണ്ട്. ഗെയിംസിലും നീന്തലിലും തിരുവനന്തപുരമാണ് മുന്നിൽ.

അത്‌ലറ്റിക്സിൽ നാല് ഇനങ്ങൾ പൂർത്തിയായപ്പോൾ നാലിലും സ്വർണവുമായി 30 പോയിന്റോടെ പാലക്കാട് ആണ് മുന്നിൽ.

അത്‌ലറ്റിക്സിൽ സ്കൂൾ വിഭാഗത്തിൽ 13 പോയിന്റുമായി പാലക്കാട് ജില്ലയിലെ മുണ്ടൂർ HS ആണ് ആദ്യ സ്ഥാനത്ത്.

✪✪✪

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഒമ്പത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ജാഗ്രത.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

അഡിലെയ്ഡിൽ ഇന്ത്യ - ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 45 ഓവറിൽ 8 വിക്കറ്റിന് 226 റൺസെടുത്തു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യ ഉച്ചകഴിഞ്ഞ് മൂന്നിന് ന്യൂസിലാൻഡിനെ നേരിടും. നവിമുംബൈയിലെ DY പാട്ടീൽ സ്റ്റേഡിയത്തിലാണ്

മത്സരം. ഇരുടീമുകൾക്കും ഇന്നത്തെ വിജയം അനിവാര്യമാണ്. തോൽക്കുന്ന ടീം ടൂർണമെന്റിൽ നിന്ന് പുറത്താകും.

✪✪✪

കഴിഞ്ഞ ദിവസം താമരശ്ശേരിയിലെ ഫ്രഷ്കട്ട് അറവു മാലിന്യ സംസ്കരണ പ്ലാന്റിനെതിരായ ജനകീയ സമരവുമായി ബന്ധപ്പെട്ടുണ്ടായ സംഭവത്തെക്കുറിച്ച് സമഗ്രാന്വേഷണം ആവശ്യമാണെന്ന് MK മുനീർ MLA പ്രസ്താവനയിൽ ആവശ്യപെട്ടു. ഫ്രഷ്കട്ട് സ്ഥാപനത്തിനകത്ത് നടന്ന അക്രമ സംഭവങ്ങൾ അപലപനീയമാണ്. കമ്പനിക്കകത്ത് ആരാണ് അക്രമം നടത്തിയതെന്ന് പരിശോധിക്കണം. കള്ളക്കേസ് ചുമത്തി സമരക്കാരെ വേട്ടയാടാൻ അനുവദിക്കില്ലെന്നും അവർക്ക് നീതി ഉറപ്പാക്കുമെന്നും മുനീർ പറഞ്ഞു.

✪✪✪

NM വിജയന്റെ ആത്മഹത്യാ പ്രേരണ കേസിൽ IC ബാലകൃഷ്ണൻ MLAയ്ക്കും മുൻ DCC പ്രസിഡൻറ് ND അപ്പച്ചനുമെതിരെ പൊലീസ് ബത്തേരി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. മുൻ കോൺഗ്രസ് നേതാവ് KK ഗോപിനാഥൻ, PV ബാലചന്ദ്രൻ എന്നിവർ മൂന്നും നാലും പ്രതികളാണ്. കേസിൽ നേരത്തെ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിച്ചിരുന്നു.

✪✪✪

NM വിജയന്റെ ആത്മഹത്യാ കേസിൽ പ്രതി ചേർത്ത നടപടി രാഷ്ട്രിയ പ്രേരിതമാണെന്ന് IC ബാലകൃഷ്ണൻ MLA പറഞ്ഞു. കേസ്സിനെ നിയമപരമായി നേരിടുമെന്നും, കോടതി നിർദ്ദേശപ്രകാരം അന്വേഷണത്തോട് സഹകരിക്കുന്നുണ്ടെന്നും ബാലകൃഷ്ണൻ സുൽത്താൻ ബത്തേരിയിൽ അറിയിച്ചു.

✪✪✪

തിരുനെല്ലി ആശ്രമം സ്കൂളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ ആറളത്തേക്ക് മാറ്റുന്നത് പുന:പരിശോധിക്കണമെന്ന് പ്രിയങ്ക ഗാന്ധി MP ആവശ്യപ്പെട്ടു. നിലവിലെ ഹോസ്റ്റൽ മെച്ചപ്പെടുത്തി കുട്ടികൾക്ക് വയനാട്ടിൽ തന്നെ പഠിക്കാൻ സാഹചര്യമുണ്ടാക്കണമെന്ന് മന്ത്രി O.R.കേളുവിന് അയച്ച കത്തിൽ പ്രിയങ്ക ആവശ്യപ്പെട്ടു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader : ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ,*
*DEO : സി കെ സുബോധ്*